# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിടനികുതി

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *135 06.03.18- ൽ മറുപടി പറയേണ്ടത്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>,, സി.മമ്മൂട്ടി<br>,, പി.കെ.അബ്ദു റബ്ബ്<br>,, പി.ബി. അബ്ദുൽ റസ്സാക്ക് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിടനികുതി നിലവിൽ എത്ര വർഷങ്ങൾക്ക് ശേഷമാണ് പുതുക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 203 ഉപവകുപ്പ് 4 പ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 233 ഉപവകുപ്പ് 4 പ്രകാരവും വസ്തുനികുതി 5 വർഷം കൂടുമ്പോഴാണ് പുതുക്കി നിശ്ചയിക്കുന്നത്. |
| (ബി) | പ്രസ്തുത നികുതി എല്ലാ വർഷവും അഞ്ചു ശതമാനം വീതം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ തീരുമാനം പുനപരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | 5-ാം ധനകാര്യ കമ്മീഷൻ ശുപാർശയിന്മേലുള്ള ധനകാര്യവകുപ്പിന്റെ നടപടി റിപ്പോർട്ടിൽ ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ലൈസൻസ് ഫീസ് പരിഷ്കരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത് തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് 5-ാം ധനകാര്യ കമ്മീഷൻ താഴെപ്പറയും പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.<br>1. തൊഴിൽ നികുതിയുടെ പരിധി 1988-ൽ നിശ്ചയിച്ച 2500 രൂപയിൽ നിന്ന് 12,000 രൂപയായി വർദ്ധിപ്പിക്കാനുള്ള പതിനാലാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. |

| | | | |
|---|---|---|---|
| | | | 2. പ്രൊഫഷൻ ടാക്സ് നൽകേണ്ടവരിൽ എല്ലാ വിഭാഗം തൊഴിൽ ചെയ്യുന്നവരെയും നികുതിയുടെ പരിധിയിൽ കൊണ്ടു വരാൻ, പഞ്ചായത്ത്, മുനിസിപ്പൽ ചട്ടങ്ങളിൽ മാറ്റം വരുത്തണം.<br>3. ഡി & ഒ ലൈസൻസിന്റെ പരിധിയിൽ എല്ലാ കച്ചവട, ബിസിനസ് സ്ഥാപനങ്ങളെയും കൊണ്ട് വരണം, തുടങ്ങി 5-)o ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ